# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1884</u>** **<u>7-3-2018 – ൽ മറുപടിയ്ക്ക്</u>**

## കേരളത്തിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഹൈബി ഈഡൻ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മെമ്പർമാരുടെ അംഗസംഖ്യ എത്രയാണ്; ഓരോ ജില്ലയിലും നിലവിലുള്ള മെമ്പർമാരുടെ എണ്ണം വ്യക്തമാക്കുമോ; | (എ) ജില്ല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ പ്രസിഡന്റിന് പുറമെ 2 അംഗങ്ങൾ വീതമാണ് ഉള്ളത്. നിലവിൽ കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്ന് വീതവും, ബാക്കി ജില്ലകളിൽ 2 വീതവും അംഗങ്ങളുണ്ട്. |
| (ബി) ഏതൊക്കെ ജില്ലകളിൽ മുഴുവൻ മെമ്പർമാരും ഇല്ലായെന്നും ഇപ്പോൾ നിയമിക്കപ്പെട്ടവരെ എന്നാണ് നിയമിച്ചതെന്നും ഇവർക്ക് ഇനി കാലാവധി എത്രയുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ ഫോറങ്ങളിൽ മുഴുവൻ അംഗങ്ങളും ഇല്ല. കൊല്ലം ഫോറത്തിലെ നിലവിലുള്ള അംഗത്തെ 18-12-2013-ലാണ് നിയമിച്ചത്. അദ്ദേഹത്തിന്റെ കാലാവധി 17-12-2018-ൽ അവസാനിക്കും. 29-5-2014-ൽ നിയമിച്ച നിലവിലുള്ള പത്തനംതിട്ട ഫോറത്തിലെ അംഗത്തിന്റെ കാലാവധി 28-5-2019-ൽ അവസാനിക്കും. ഇടുക്കി ഫോറത്തിലെ നിലവിലുള്ള അംഗത്തെ നിയമിച്ചത് 4-11-2013-ലാണ്. അദ്ദേഹത്തിന്റെ കാലാവധി 3-11-2018-ലും, 23-10-2013-ൽ നിയമിച്ച കാസർഗോഡ് ഫോറത്തിലെ അംഗത്തിന്റെ കാലാവധി 22-10-2018-ലും അവസാനിക്കും. |
| (സി) ജില്ല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ മുഴുവൻ മെമ്പർമാരും ഇല്ലാതെ 6 മാസവും അതിൽ കൂടുതലും ഒഴിവ് ഉണ്ടായിരുന്നത് ഏതൊക്കെ ജില്ലകളിലാണ്; | (സി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ്. |

(ഡി) ഇവിടെ മെമ്പർമാരെ നിയമിക്കുവാൻ ഉണ്ടായ കാലതാമസം എന്താണെന്നും ഈ കാലതാമസം വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിലേയും, 2005-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെയും അംഗങ്ങളുടെ നിയമനം നടത്തുന്നത്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെയും അംഗങ്ങളുടെ നിയമനത്തിനായി (ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ജുഡീഷ്യൽ അംഗം ഒഴികെ) അതതു ജില്ലാ കളക്ടർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമനത്തിനായി 3 അപേക്ഷകരുടെ പാനലും, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ നിയമനത്തിനായി 5 അപേക്ഷകരുടെ പാനലും, ജില്ലാ കളക്ടർമാർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ജില്ലാ കളക്ടർമാരിൽ നിന്ന് അപേക്ഷകരുടെ പാനൽ സർക്കാരിൽ ലഭ്യമാകാൻ വൈകിയതു കൊണ്ടാണ് നിയമന നടപടികളിൽ കാലതാമസം ഉണ്ടായത്. പ്രസ്തുത ഒഴിവുകളിൽ അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമം അന്തിമ ഘട്ടത്തിലാണ്.

(ഇ) മെമ്പർമാരെ നിയമിക്കുമ്പോൾ തന്നെ ഇവർ പിരിഞ്ഞു പോകുന്ന തീയതി എന്നാണെന്ന് നേരത്തെതന്നെ അറിയാമായിരുന്നിട്ടും, അടുത്ത നിയമനങ്ങൾക്ക് എന്തുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നതെന്നും ഈ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

(ഇ) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ നിയമനത്തിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനായി അടുത്ത 4 മാസത്തിനുള്ളിൽ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ